**Athmaraksha.org**

വിശുദ്ധരുടെ ജീവചരിത്രം

## ഏത്യോപ്യയിലെ വിശുദ്ധ മോസസ്



വിശുദ്ധ കൊച്ചുത്രേസ്യാ, മരിയാ ഗൊരേത്തി, ഡോൺ ബോസ്‌ക്കോ, ചാവറയച്ചൻ, അൽഫോൻസാമ്മ... വിശുദ്ധരാകാൻ വേണ്ടിമാത്രം ജനിച്ചതെന്ന് നമ്മെ ഓർമ്മപ്പെടുത്തുന്ന വിശുദ്ധർ. മാമ്മോദീസായിൽ ലഭിച്ച വരപ്രസാദം ജീവിതത്തിന്റെ ഒരു ഘട്ടത്തിലും താൻ നഷ്ടപ്പെടുത്തിയിട്ടില്ലെന്നവരെ ചാവറയച്ചൻ പറഞ്ഞിട്ടുണ്ട്. എന്നാൽ ഇപ്രകാരമല്ലാത്ത വിശുദ്ധരും കത്തോലിക്കാസഭയിലുണ്ട്. ജീവിതത്തിന്റെ എല്ലാ ആസക്തികളിലൂടെയും കടന്നുപോയി മലിനമാക്കപ്പെട്ടതെന്ന് കരുതുന്ന ജീവിതങ്ങൾ. അങ്ങനെയെഴുതുമ്പോൾ ആദ്യം ഓർക്കുക സഭാ പണ്ഡിതനായ വിശുദ്ധ ആഗസ്തിനോസിനെ തന്നെയായിരിക്കും. യൗവന ജീവിതത്തെ അതിന്റെ എല്ലാ പാപങ്ങളിലൂടെയും കടത്തിക്കൊണ്ടുപോയി ഒടുവിൽ പാപവഴികളെ ഉപേക്ഷിച്ച് പുണ്യത്തിന്റെ പടവുകൾ ചവിട്ടിക്കയറിയ ആൾ, അതായിരുന്നു ആഗസ്തിനോസ്. എന്നാൽ അതുപോലെ വേറെയും ചില വിശുദ്ധരുണ്ട്. അവരിലൊരാളാണ് എത്യോപ്യയിലെ വിശുദ്ധ മോസസ്. 330-405 ആണ് ജീവിതകാലം.

അക്രമാസക്തനും കൊള്ളക്കാരനുമായിരുന്നു മോസസ്. 75 പേരടങ്ങിയ കൊള്ളസംഘത്തിന്റെ നേതാവുമായിരുന്നു അദ്ദേഹം. ഈജിപ്തിലെ മരുഭൂമി കേന്ദ്രീകരിച്ചായിരുന്നു അവരുടെ പ്രവൃത്തികൾ. ഈ സംഘത്തിന്റെ ശല്യം സഹിക്കവയ്യാതായപ്പോൾ സ്ഥലത്തെ ഗവർണ്ണർ ഇവരെ ഉന്മൂലനം ചെയ്യാനായി ഒരു സംഘത്തെ നിയോഗിച്ചു ആ വേട്ടയാടലിൽ ശത്രുക്കളിൽനിന്ന് ജീവനുംകൊണ്ട് പാലായനം ചെയ്ത മോസസ് എത്തിച്ചേർന്നത് ഒരു സന്ന്യാസാശ്രമത്തിലാണ്. അപകടഘട്ടം കഴിയുന്നവരെ അവിടെ രഹസ്യമായി ജീവിക്കാമെന്ന് മോസസ് കരുതി. സന്യാസികൾ മോസസിനെ വിശിഷ്ടനായ ഒരു അതിഥിയെ എന്നപോലെയാണ് സൽക്കരിച്ചത്. അവർഅദ്ദേഹത്തെ അനാവശ്യചോദ്യങ്ങൾ ചോദിച്ച് ബുദ്ധിമുട്ടിച്ചുമില്ല.

ആ പുണ്യ ജീവിതങ്ങളുടെ വിശുദ്ധി പതുക്കെ പതുക്കെ മോസസിനെയും സ്വാധീനിച്ചുതുടങ്ങി. കൊള്ളക്കാരനും പിടിച്ചുപറിക്കാരനും കൊലപാതകിയുമായ പഴയകാലജീവിതത്തിലേക്ക് തിരികെ പോകാൻ മോസസിന് അതോടെ കഴിയാതെയായി. നന്മവഴിയിലേക്കുള്ള സഞ്ചാരം അത്ര എളുപ്പമായിരുന്നില്ല. എങ്കിലും ആചാര്യനായ വിശുദ്ധ ഇസിദോർ മോസസിനെ നേർവഴിക്ക് നയിച്ചു. തന്റെ പാപപ്രവണതകളെ കീഴടക്കാൻ അതോടെ മോസസിന് സാധിച്ചു. ഒരു വിശുദ്ധൻ അവിടെ

ജനിക്കുകയായിരുന്നു. വിശുദ്ധരായി നാം വണങ്ങുന്ന പല വ്യക്തിത്വങ്ങളും ഇങ്ങനെയൊക്കെയല്ലായിരുന്നുവെന്ന് തിരിച്ചറിവുകൂടിയുണ്ടാകുന്നത് നമ്മുടെ ബലഹീനമായ പ്രകൃതിയെ ഉരുക്കിയെടുക്കാൻ നമുക്ക് പ്രേരണ നൽകുകയും ചെയ്യും.

വിശുദ്ധ മോസസ്, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ...